പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1908 — 25.03.2013 ൽ മറുപടിക്ക്

# മണൽലോറികൾ പിടിച്ചിടുന്നതിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അന്യസംസ്ഥാനത്തുനിന്നും മണൽ കൊണ്ടുവരുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പ് 11.11.2010-ൽ 58289/പി3/2010/റവ. എന്ന നമ്പരിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ, നിയമാനുസൃതരേഖകളോടെ ചെക്ക് പോസ്റ്റിൽ നിശ്ചിത ടാക്സ് അടച്ച രസീതോടെ വരുന്ന മണൽലോറി പിടിച്ചിടാൻ പോലീസിനെ അധികാരപ്പെടുത്തി യിട്ടുണ്ടോ; | (ബി) നിയമാനുസൃതരേഖകളോടെ മണൽ കൊണ്ടുവരുന്ന ലോറികൾ പിടിച്ചെടുക്കാൻ പോലീസിന് അധികാരമില്ല. |
| (സി) കർണ്ണാടകയിൽ നിന്നും രേഖകളോടെ മണൽ കൊണ്ടുവന്ന ലോറികൾ കാസറഗോഡ് ജില്ലയിൽ പലയിടത്തും പിടിച്ചിട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും: ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കാസർഗോഡ് ജില്ലയിൽ മണൽ ലോറികൾ പിടിച്ചെടുത്തിട്ടില്ല |
| (ഡി) 11.11.2010-ലെ ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പോലീസ് മണൽലോറികൾ പിടിച്ചിട്ടിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ചു നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ